ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പർട്ടി ടാക്സ് കണക്കാക്കുന്നത് സാമ്പത്തിക വർഷത്തേക്കാണ്. പ്രസ്തുത നികുതി ഓരോ അർദ്ധവർഷവും അടയ്ക്കാൻ നികുതിദായകർക്ക് അനുമതി നൽകാറുണ്ട്.

(ബി) സംസ്ഥാനത്തെ നഗരസഭകളിൽ അടയ്ക്കാത്ത സംഖ്യയുടെ കുടിശികയ്ക്ക് പലിശ ഈടാക്കാറുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തുകളിൽ പിഴപ്പലിശ ഈടാക്കാൻ വ്യവസ്ഥ ഇല്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 538(2) അനുസരിച്ച് ഇത് ക്രമപ്രകാരമാണ്.

(ഡി) സമൂഹത്തിലെ താഴെ തട്ടിലുള്ള ദരിദ്രർ കൂടുതലുള്ള ഗ്രാമ പ്രദേശങ്ങളിൽ പിഴ പലിശ ഈടാക്കാൻ വ്യവസ്ഥ ഇല്ല.

നദികളിലെ അനധികൃത മണലൂറ്റ് തടയുന്നതിന് നടപടി

126 [127] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മണൽവാരൽ, സംഭരണം, വിൽപ്പന എന്നിവയുടെ ചുമതല തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ എത്ര കടവുകളിൽ ഇപ്പോൾ മണലൂറ്റ് നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൻതോതിലുള്ള അനധികൃത മണലൂറ്റ് തടയുന്നതിനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly